സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ശമ്പള പരിഷ്ക്കാരം 2014 - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. ശ്രീദേവി അമ്മ യുടെ ശമ്പളം നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കുന്നത് - 15-02-2017 ലെ G.O (MS) 81/2017/(43)/Fin നമ്പർ സർക്കാർ ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ആർ.ഒ.സി. 9305/18/എസ്റ്റാ-2 നന്തൻകോട്,12-11-2018

---

പരാമർശം :- 1) 15-02-2017 ലെ G.O (MS) 81/2017/(43)/Fin നമ്പർ സർക്കാർ ഉത്ത രവ്.

2) ദേവസ്വം കമ്മീഷണറുടെ 01-08-2018 ലെ ROC 6447/18/Est(C) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ദേവസ്വം കമ്മീഷണർ ആഫീസിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. കെ. ശ്രീദേവി അമ്മ ടിയാളുടെ ജൂനിയറായ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ. ആർ. വിജയന് അടിസ്ഥാന ശമ്പളം കൂടുതലായി ഫിക്സ് ചെയ്തിട്ടുള്ളതാണെന്നും ആയത് പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് ദേവസ്വം കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചു. അപേക്ഷയിലെ ആവശ്യം സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്ക് വാങ്ങിയിട്ടുള്ളതായും 01-04-2016 ന് മുൻപ് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സെലക്ഷൻ ഗ്രേഡ് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചവരിൽ മൂന്നാം സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടില്ലാത്തവർക്ക് 01-04-2016 ലെ ശമ്പളത്തോടൊപ്പം രണ്ട് ഇൻക്രിമെന്റുകൾ കൂടി അധികം നൽകി ശമ്പളം ഫിക്സ് ചെയ്യേണ്ടതാണെന്നും ഇതുസംബന്ധിച്ച് സർക്കാർ സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പിലാക്കിയാൽ ടി അപാകത പരിഹരിക്കാവുന്നതാണെന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടിട്ടുള്ളതായും ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു (സൂചന -2).

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരിൽ ജൂനിയറിന് ശമ്പള വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 15-02-2017 ലെ G.O (MS) 81/2017/(43)/Fin നമ്പർ ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിലും നടപ്പിലാക്കാൻ തീരുമാനിക്കുന്നു. ആയതിൻപ്രകാരം 01-04-2016 ന്

(മറുപുറം)

EDP

മുൻപ് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റിൽ നിന്നും സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി പ്രൊമോഷൻ ലഭിച്ചവരിൽ മൂന്നാം സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടില്ലാത്തവർക്ക് 01-04-2016 ലെ ശമ്പളത്തോടൊപ്പം രണ്ട് അധിക ഇൻക്രിമെന്റ് നൽകി ശമ്പളം ഫിക്സ് ചെയ്യേണ്ടതാണ്. ഈ ഉത്തരവിന് 01-04-2016 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. തിരുവാഭരണം കമ്മീഷണർ, ആറന്മുള
5. എല്ലാ ആഫീസ് മേധാവികൾക്കും
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി

E.D.P SECTION
Travancore Devaswom Board

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK

D.B.N